**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3006** — **13-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകളോട് ചേർന്നോ അല്ലാതെയോ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഭൂമിയുടെ വിവരങ്ങൾ, അവയുൾപ്പെടുന്ന പ്രദേശങ്ങളും വിസ്തീർണ്ണവും അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | നിരത്തു വിഭാഗത്തിനു കീഴിൽ നിലമ്പൂർ താലൂക്ക്, ചുങ്കത്തറ വില്ലേജിന് കീഴിൽ ചുങ്കത്തറ കൈപ്പിനി റോഡിൽ നിന്നും ഏകദേശം 250 മീറ്റർ മാറി ബ്ലോക്ക് നമ്പർ 95, റീസർവ്വേ നമ്പർ 177/4-ൽ പെട്ട 81 ആർ 60 ച.മീ. ഭൂമി ഉണ്ട്. നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജിൽ 121 സബ്ഡിവിഷനിൽപ്പെട്ട 145/5, 190/7 എന്നീ സർവ്വേ നമ്പറിൽ ഉൾപ്പെട്ട പഴയ റോഡ് (ഏകദേശം 20 ആർ) നിലനിന്നിരുന്ന സ്ഥലം നിലവിൽ സ്വകാര്യ വ്യക്തികൾ കൈയ്യേറിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിലമ്പൂർ നഗരസഭയിലെ താഴെ ചന്തക്കുന്ന് സ്വകാര്യ പെട്രോൾ പമ്പിനോട് ചേർന്ന് കെ.എൻ.ജി. റോഡിന് സമീപത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുണ്ടോയെന്നും ഉണ്ടെങ്കിൽ വിസ്തീർണ്ണമെത്രയെന്നും അറിയിക്കാമോ; ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | നിലമ്പൂർ നഗരസഭയിൽ താഴെ ചന്തക്കുന്ന് പെട്രോൾ പമ്പിനു സമീപം പൊതുമരാമത്ത് വകുപ്പ് ഭൂമിയുടെ അതിർത്തി കൃത്യമായി രേഖപ്പെടുത്തിയ സ്കെച്ച് നിലവിലെ ഓഫീസ് രേഖകൾ പരിശോധിച്ചതിൽ ലഭിച്ചിട്ടില്ല. താലൂക്ക് സർവ്വേ ഓഫീസുമായി ബന്ധപ്പെട്ട് ഈ ഭാഗത്ത് സർവ്വെ ചെയ്ത് പൊതുമരാമത്ത് വകുപ്പ് വക ഭൂമി അളന്നു തിട്ടപ്പെടുത്താനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പഴയ പാലങ്ങൾ കാലപ്പഴക്കം കൊണ്ട് ഉപയോഗയോഗ്യമല്ലാതായതിനെത്തുടർന്ന് പുതിയ പാലങ്ങൾ നിർമ്മിച്ചപ്പോൾ, പഴയ പാലങ്ങളോടനുബന്ധിച്ച ഭൂമി എവിടെയെല്ലാമാണെന്നും വിസ്തീർണ്ണമെത്രയെന്നും അറിയിക്കാമോ; | (സി) | പാലം വിഭാഗത്തിനു കീഴിൽ നിലമ്പൂർ മണ്ഡലത്തിലെ കരിമ്പുഴ പാലം, വടപുറം പാലം എന്നിവിടങ്ങളിൽ പഴയ പാലങ്ങളോട് ചേർന്ന് വരുന്ന സമീപന റോഡും മറ്റും ഉൾപ്പെടുന്ന ഭൂമി നിലവിൽ ഉണ്ട്. ആയതിന്റെ കൃത്യമായ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. വടപുറം പാലത്തിന്റെ പഴയ പാലത്തിനോട് ചേർന്ന് നിൽക്കുന്ന ഭാഗങ്ങൾ ടൂറിസം പദ്ധതികൾക്ക് |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്താൻ സാധ്യതയുള്ള താണെന്ന് കരുതുന്നു. |
| (ഡി) | മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി വിവിധ ടൂറിസം പദ്ധതികൾക്കായി പ്രയോജനപ്പെടുത്താൻ സാധിക്കുമോയെന്ന് അറിയിക്കാമോ; | (ഡി) | പാലം വിഭാഗത്തിനു കീഴിൽ നിലമ്പൂർ മണ്ഡലത്തിലെ കരിമ്പുഴ പാലം, വടപുറം പാലം എന്നിവിടങ്ങളിൽ പഴയ പാലങ്ങളോട് ചേർന്ന് വരുന്ന സമീപന റോഡും മറ്റും ഉൾപ്പെടുന്ന ഭൂമി നിലവിൽ ഉണ്ട്. ആയതിന്റെ കൃത്യമായ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. വടപുറം പാലത്തിന്റെ പഴയ പാലത്തിനോട് ചേർന്ന് നിൽക്കുന്ന ഭാഗങ്ങൾ ടൂറിസം പദ്ധതികൾക്ക് പ്രയോജനപ്പെടുത്താൻ സാധ്യതയുള്ള താണെന്ന് കരുതുന്നു. |
| (ഇ) | നിലമ്പൂർ പട്ടണത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളും റസ്റ്റ് ഹൗസും സ്ഥിതി ചെയ്യുന്ന ഭൂമി എത്രയെന്നും ആയതിൽ കെട്ടിടങ്ങളില്ലാതെ ഒഴിഞ്ഞുകിടക്കുന്നത് എത്ര ഭൂമിയെന്നും അറിയിക്കാമോ? | (ഇ) | കെട്ടിട വിഭാഗത്തിനു കീഴിൽ ബ്ലോക്ക് -92, 243/11 സർവ്വേ നമ്പർ പ്രകാരം 0.7310 ഹെക്ടർ ഭൂമിയാണുള്ളത്. ഇതിൽ പി.ഡബ്ല്യു.ഡി റോഡ്സ് സെക്ഷൻ നിലമ്പൂർ, പി.ഡബ്ല്യു.ഡി റെസ്റ്റ്ഹൗസ്, നിലമ്പൂർ AE ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ റെസ്റ്റ്ഹൗസിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായി നിർദ്ദേശിച്ച സ്ഥലവും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ